


facebook.com/palakkadpolice
www.twitter.com/DpcPalakkad

## *പാലക്കാട് ടൗണിൽ അനധികൃത സ്വർണ്ണം പിടികൂടി.*

പാലക്കാട് സൗത്ത് പോലീസും, ജില്ലാ ക്രൈം സ്ക്വാഡും ചേർന്ന് നടത്തിയ പരിശോധനയിലാണ് രേഖകളില്ലാതെ 2 കിലൊ 300 ഗ്രാം സ്വർണ്ണാഭരണങ്ങളുമായി രാജസ്ഥാൻ, ജൂൻ ജൂരു ജില്ലക്കാരനായ നരേഷ് വ 36 എന്നയാളെ പോലീസ് കസ്റ്റഡിയിൽ എടുത്തത്. മുംബെയിലേക്കാണ് സ്വർണ്ണം കൊണ്ടു പോകുന്നതെന്നാണ് പ്രാഥമിക അന്വേഷണത്തിൽ അറിവായിട്ടുള്ളത്, തൃശ്ശൂരിലെ ഏതൊ ആഭരണ സ്ഥാപനത്തിൽ നിന്നാണ് സ്വർണ്ണം കൊണ്ടു പോകുന്നതെന്നും അറിവായിട്ടുണ്ട്.

സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശത്തെത്തുടർന്ന് ജില്ലാ അടിസ്ഥാനത്തിൽ രൂപീകരിച്ച ഡാൻസാഫ് സ്ക്വാഡിന്റെ നേതൃത്ത്വത്തിൽ നടത്തിവരുന്ന പ്രത്യേക ഓപ്പറേഷന്റെ ഭാഗമായാണ് പരിശോധന നടത്തി വരുന്നത്.



നർകോട്ടിക് സെൽ DySP ബാബു തോമസ് ന്റെ നേതൃത്വത്തിൽ പാലക്കാട് ടൗൺ സൗത്ത് ഇൻസ്പെക്ടർ ജ്യോതീന്ദ്രകുമാർ , ടൗൺ സൗത്ത് എസ് ഐ R രഞ്ജിത് ഡാൻസാഫ് ക്രൈം സ്ക്വാഡ് അംഗങ്ങളായ ആലത്തൂർ SI അരുൺ, ജോൺസൺലോബൊ, സാജിദ് CS, ഷമീർ, എന്നിവരടങ്ങിയ സംഘമാണ് സ്വർണ്ണക്കടത്ത് പിടികൂടിയത്.

